"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് താലൂക്ക് ഓഫീസിലെ **KL-01-BP-8487** നമ്പർ ഔദ്യോഗിക വാഹനത്തിന്റെ അറ്റകുറ്റപ്പണികൾക്കായി തുക ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു.

---

**റവന്യൂ (ജി) വകുപ്പ്**

സ.ഉ.(സാധാ) നം.**2728/2024/RD** തീയതി,തിരുവനന്തപുരം, **16-11-2024**

---

പരാമർശം:- 1. സ.ഉ (കൈ)നം.**401/2018**/ധന, തീയതി **23-10-2018**

2. ലാൻഡ് റവന്യൂ കമ്മീഷണറുടെ **06-11-2024**-ലെ **LR/9735/2024-LR(G3)** നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് താലൂക്ക് ഓഫീസിലെ **KL-01-BP-8487** നമ്പർ ഔദ്യോഗിക വാഹനത്തിന്റെ അറ്റകുറ്റപ്പണികൾക്കായി ലേബർ ചാർജ്ജ് ഇനത്തിൽ **17,000/-** രൂപയും സ്പെയർ പാർട്സ് ഇനത്തിൽ **51,745/-** രൂപയും ഉൾപ്പെടെ ആകെ **68,745/-** രൂപ ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പൊതുമരാമത്തു മെക്കാനിക്കൽ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ ലഭ്യമാക്കിയ എക്കോണമി സർട്ടിഫിക്കറ്റ്, എസൻഷ്യാലിറ്റി സർട്ടഫിക്കറ്റ്, അംഗീകൃത സർവ്വീസ് സെന്ററിൽ നിന്നുള്ള എസ്റ്റിമേറ്റ് എന്നിവയുടെ അസ്സൽ രേഖകൾ സഹിതം ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം **(2)** പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

**2).** സർക്കാർ ഇക്കാര്യം പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് താലൂക്ക് ഓഫീസിലെ **KL-01-BP-8487** നമ്പർ ഔദ്യോഗിക വാഹനത്തിന്റെ അറ്റകുറ്റപ്പണികൾക്കായി **68,745/-**രൂപ (അറുപത്തി എട്ടായിരത്തി എഴുന്നൂറ്റി നാൽപ്പത്തിയഞ്ച് രൂപ മാത്രം) "**2053-00-094-99-21-02** ആർ&എം" എന്ന ശീർഷകത്തിൽ നിന്നും ഫണ്ടിന്റെ ലഭ്യതയ്ക്കു വിധേയമായി ചെലവഴിക്കുന്നതിനു ലാൻഡ് റവന്യൂ കമ്മീഷണർക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SHAHANSHA A**

അണ്ടർ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Sujith. G. R
സെക്ഷൻ ഓഫീസർ
Date: 16-11-2024 12:35:44